# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഓഫീസുകളുടെയും ക്ഷേത്രങ്ങളുടെയും കമ്പ്യൂട്ടറൈസേഷൻ - കോൺട്രാക്ട് അനുമതി നൽകി ഉത്തരവാകുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 3711/2013/EDP തിരുവനന്തപുരം, തീയതി 15/10/2016

---

പരാമർശം :

1. ദേവസ്വം ബോർഡിന്റെ 23/06/2016 ലെ മേൽ നമ്പർ ഉത്തരവ്
2. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 07/08/2016 ലെ DBA No.9 of 2016 and DBP No 25 of 2016 നമ്പർ വിധിന്യായം
3. ദേവസ്വം കമ്മീഷണറുടെ 05/10/2016 ലെ ആർ.ഒ.സി 5452/13/കമ്പ്യൂ നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഓഫീസുകളുടെയും പ്രധാന പ്പെട്ട ക്ഷേത്രങ്ങളുടെയും കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച് കെൽട്രോൺ (പ്രൈം ബിഡ്ഡർ), ഉരാലുൻഗൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി (ULCCS) (കൺസോർഷ്യം ബിഡ്ഡർ) എന്നിവരുമായി ബോർഡു തലത്തിൽ നടന്ന ചർച്ചയിൽ പ്രോജക്ട് കോസ്റ്റ് ആയ 16,89,26,667/- രൂപാ യിൽ സോഫ്റ്റുവെയർ കോസ്റ്റ് ആയ 13,00,00,00/- രൂപായുടെ 10% കുറച്ച് ധാരണയായിട്ടുള്ളതും അതു പ്രകാരം ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ അംഗീകാരം വാങ്ങുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവായി (പരാമർശം 1).

പ്രസ്തുത ടെൻഡർ അംഗീകരിക്കുന്നതു സംബന്ധിച്ച് ബഹു. കേരളാ ഹൈക്കോടതി ബഹു. ഓംബുഡ്സ്മാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിധി ന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിൽ ബഹു. ഓംബുഡ്സ്മാൻ ശുപാർശ ചെയ്ത പ്രകാരം ആദ്യഘട്ടത്തിൽ 10 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ക്ഷേത്രങ്ങളും, ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ്, ശബരിമല എന്നി വിടങ്ങളും ഉൾപ്പെടുത്തി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 9,73,61,399.80/- (ഒൻപതു കോടി എഴുപത്തി മൂന്നു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി ഒൻപതു രൂപാ എൺപതു പൈസ മാത്രം) രൂപക്ക് അനുമതി നൽകിയിട്ടുള്ളതാ ണ് (പരാമർശം 3).

പ്രൈം ബിഡ്ഡർ ആയ കെൽട്രോണിന്റെ പേരിൽ കമ്പ്യൂട്ടറൈസേഷൻ ആദ്യ ഘട്ട ത്തിന്റെ കോൺട്രാക്ട് 9,73,61,399.80/- രൂപാക്ക് അനുവദിക്കണമെന്നു കാണിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം 3).

ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ദേവസ്വം കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കമ്പ്യൂട്ടറൈസേഷൻ ആദ്യ ഘട്ടം പ്രൈം ബിഡ്ഡർ ആയ കെൽട്രോണിന് 9,73,61,399/- (ഒൻപതു കോടി എഴുപത്തി മൂന്നു ലക്ഷത്തി അറു

പത്തി ഒന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒൻപതു രൂപാ മാത്രം) രൂപാക്ക് കോൺട്രാക്ട് അനുവാദം നൽകി ഉത്തരവാകുന്നു.

കെൽട്രോണും ദേവസ്വം ബോർഡുമായി ഏർപ്പെടേണ്ട എഗ്രിമെന്റ് നക്കൽ തയ്യാറാക്കി ദേവസ്വം ബോർഡിന്റെ കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ ടെക്നോളജി വിഭാഗം പരിശോധിച്ച് നിയമോപദേശം വാങ്ങുന്നതിനായി ബോർഡിൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ചീഫ് എഞ്ചിനിയർ (ജനറൽ)
4. ചീഫ് എഞ്ചിനിയർ
5. സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് സെക്യൂരിറ്റി
6. ലോ ഓഫീസർ
7. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
8. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
9. ഡയറക്ടർ, സാസ്കാരിക-പുരാവസ്തു വിഭാഗം
10. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
11. വെബ് സൈറ്റ് (ഇ.ഡി.പി)
12. ഫെയർ കോപ്പി
13. ഫയൽ ബുക്ക്
14. സെക്ഷൻ ഫയൽ